# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2361** **08.03.2017-ൽ മറുപടിയ്ക്ക്**

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിപുലീകരണത്തിലൂടെ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | (എ) | കാരുണ്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ ഏതാനും രോഗാവസ്ഥകളെ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ ആരംഭം മുതൽ ഇരുപത്തി ഏഴാം സംസ്ഥാനതല കമ്മറ്റി വരെ തുക വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് കൊടുക്കുവാനുണ്ടായിരുന്നതും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ചതുമടക്കം ഏറനാട് മണ്ഡലത്തിൽ നിന്നും ധനസഹായം ലഭിച്ചവരുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) | മണ്ഡലം തിരിച്ച് വിവരം ലഭ്യമല്ല. |
| (ഡി) | ധനകാര്യ വകുപ്പിന്റെയും കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെയും പ്രത്യേകാനുമതി ലഭിക്കാതെ മാറ്റിവെച്ചിരുന്ന അപേക്ഷകളിന്മേൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 04.08.2016-ന് ചേർന്ന 25-ാമത് സംസ്ഥാനതല കമ്മറ്റി തീരുമാനം നമ്പർ 25/14 അനുസരിച്ച് മാറ്റി വച്ചിരുന്ന പ്രത്യേക അനുമതി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിന് കാരുണ്യ അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം ലഭിച്ച അപേക്ഷകൾ ഡോക്ടർമാരുടെ സബ് കമ്മറ്റി പരിശോധന പൂർത്തിയാക്കുകയും സഹായം അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുകയും ചെയ്യുന്നു. |
| **(ഇ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ നിന്നും പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായവരുടെയും അനുവദിച്ചതും വിതരണം ചെയ്തതും വിതരണം ചെയ്യുവാനുള്ളതുമായ തുകകളുടെയും വിശദവിവരം ലഭ്യമാക്കുമോ? | **(ഇ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ നിന്നും പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായവരുടെയും തുക അനുവദിച്ചവരുടേയും പേരുവിവരം ചുവടെ ചേർക്കുന്നു.<br><br>1. **ശ്രീ.സാദിക്ക് അലി** (കാഞ്ഞിരാല ഹൗസ്, വാലില്ലാപ്പുഴ, ഏറനാട്, മലപ്പുറം) ചികിത്സാ ബില്ലുകളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപ വരെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>2. **ശ്രീ. മൻസൂർമോൻ.കെ.ഇ.** (മേലേപ്പറമ്പിൽ ഹൗസ്, കിഴുപ്പറമ്പ, ഏറനാട്, മലപ്പുറം) ചികിത്സാ ബില്ലുകളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപ വരെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>3.**ശ്രീ.പി.മൊയ്തീൻകുട്ടി:** (പാലപ്പൊറ്റ, പന്നിപ്പാറ, ഏറനാട്, മലപ്പുറം) 65,000/- രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>4.**ശ്രീ.സുരേഷ്കുമാർ** (മുണ്ടയിൽ, ചെമ്പ്രശ്ശേരി, ഏറനാട്) 42,000/- രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞിരിക്കുന്ന അപേക്ഷകൾക്ക് തുക വിതരണം ചെയ്യാനാവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമായാൽ ഉടൻതന്നെ ചികിത്സ ധനസഹായം വിതരണം ചെയ്യുന്നതാണ്.<br><br>ശ്രീ.ഖാലിദ് (താന്നികണ്ടിൽ, ആലിൻചുവട്, കിഴിശ്ശേരി, കുഴിമണ്ണ, മലപ്പുറം) എന്നയാളുടെ |

| | | | |
|---|---|---|---|
| | | | അപേക്ഷ ഡോക്ടേഴ്സ് സബ് കമ്മറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഡോക്ടേഴ്സ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ അടുത്ത സംസ്ഥാന തല കമ്മിറ്റിയിൽ അപേക്ഷ പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

ഉത്തരം - 1.

| Karunya Benevolent Fund | | | |
|---|---|---|---|
| District Wise Applications sanctioned upto 25.12.2016 (27th SLC) | | | |
| Sl No | District | No: | Amount (In Crores of Rs.) |
| 1 | TRIVANDRUM | 17529 | 169.03 |
| 2 | KOLLAM | 9724 | 118.04 |
| 3 | PATHANAMTHITTA | 7025 | 53.13 |
| 4 | ALAPPUZHA | 13853 | 96.53 |
| 5 | KOTTAYAM | 20458 | 102.52 |
| 6 | IDUKKI | 6028 | 46.8 |
| 7 | ERNAKULAM | 9609 | 77.1 |
| 8 | THRISSUR | 8392 | 72.07 |
| 9 | PALAKKAD | 13779 | 101.15 |
| 10 | MALAPPURAM | 9804 | 90.83 |
| 11 | KOZHIKKODE | 10588 | 105.278 |
| 12 | WAYANAD | 3352 | 30.14 |
| 13 | KANNUR | 14972 | 167.84 |
| 14 | KASARAGODE | 6025 | 57.18 |
| | TOTAL | **151138** | **1287.64** |